©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്**
**റിപ്പോർട്ട് (2021-2022)-ലെ ശിപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത് ]

2022 ജൂലൈ 12-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-2022)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത് ]

963/2022.

## ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. എം. എസ്. അരുൺ കുമാർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. കെ. എം. സച്ചിൻദേവ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എ. എൻ. ഷംസീർ
ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI -ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22), 2021 ജൂലൈ 22-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടി പത്രികകൾ സമിതി 7-7-2022-ന് ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2022 ജൂലൈ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ശിവൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2022 ജൂലൈ 7.

## റിപ്പോർട്ട്

അദ്ധ്യായം - 1

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി പത്രികകളും.

ഉന്നതവിദ്യാഭ്യാസ വകുപ്പ്

**ശിപാർശ (ഖണ്ഡിക നം. 33)**

2202-03-102-99 —കേരള സർവ്വകലാശാല

ശമ്പളപരിഷ്കരണംമൂലമുണ്ടാകുന്ന അധിക വാർഷിക സാമ്പത്തിക ബാധ്യത, പെൻഷൻകാർക്ക് ഡി. എ. റിലീഫ് വിതരണം ചെയ്ത തുക, ഡി. എ. കുടിശ്ശിക, എൻ.പി.എസ്. കുടിശ്ശികയിനത്തിലായി വിതരണം ചെയ്ത തുക, യു.ജി.സി. 2016 കുടിശ്ശിക വിതരണം ചെയ്യുന്നതിന് വേണ്ട തുക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 103.89 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുകയും സ.ഉ.(സാധാ) 472/2022/ഉ.വി.വ. തീയതി 25-3-2022 പ്രകാരം 20 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടുമുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 34)**

2202-03-102-98 —കോഴിക്കോട് സർവ്വകലാശാല

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നാക് അക്രെഡിറ്റേഷനുമുന്നോടിയായി പല വികസന പദ്ധതികളും പൂർത്തീകരിക്കുന്നതിനും, ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതിനും പദ്ധതിയിനത്തിൽ 19.9754506 കോടി രൂപയും ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ, യു. ജി. സി. ശമ്പള പരിഷ്കരണ കുടിശ്ശിക, ദിവസവേതന/ കരാർ ജീവനക്കാർക്ക് പരിഷ്കരിച്ച വേതനം എന്നിവ നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 80.01 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് താൽക്കാലികമായി പരിഗണനയിലില്ല.

**ശിപാർശ (ഖണ്ഡിക നം. 35)**

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ, എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 145.99 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് താൽക്കാലികമായി പരിഗണനയിലില്ല.

**ശിപാർശ (ഖണ്ഡിക നം. 36)**

2202-03-102-95-36—ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സഹായധനം - ശമ്പളേതരം

പുതുതായി ആരംഭിച്ച സർവ്വകലാശാലയ്ക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് താൽക്കാലികമായി പരിഗണനയിലില്ല.

**ശിപാർശ (ഖണ്ഡിക നം. 37)**

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും, ഹോസ്റ്റലുകൾ പഠന വകുപ്പുകൾ എന്നിവയ്ക്കാവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും, ലൈബ്രറി പുസ്തകങ്ങളും, ജേർണലുകളും വാങ്ങുന്നതിനും മറ്റുമായി പദ്ധതിയിനത്തിൽ 20 കോടി രൂപയും, ശമ്പള

ഇനത്തിലും പെൻഷന് ഇനത്തിലുമുള്ള ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 71.435 കോടി രൂപയും പി. എഫ്., പെൻഷൻ ഫണ്ട് എന്നിവയിൽ നിക്ഷേപിക്കുവാൻ കഴിയാതെ പോയ മുൻബാധ്യതയായ 43.4126 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 43.4126 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് താൽക്കാലികമായി പരിഗണനയിലില്ല.

**ശിപാർശ (ഖണ്ഡിക നം. 38)**

2202-03-102-92—<u>കണ്ണൂർ സർവ്വകലാശാല ധനസഹായം</u>

2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ സർവ്വകലാശാല ആവശ്യപ്പെട്ടത് 2520 ലക്ഷം രൂപയായിരുന്നു. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയത് 2250 ലക്ഷം രൂപ മാത്രമാണ്. ബാക്കിയുള്ള 270 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരയിനത്തിൽ സർവ്വകലാശാല ആവശ്യപ്പെട്ടത് 7080.81 ലക്ഷം രൂപ ആയിരുന്നു. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയത് 6016 ലക്ഷം രൂപ മാത്രമാണ്. ബാക്കിയുള്ള 1064.81 ലക്ഷം രൂപയും, 2019 മുതൽ ജീവനക്കാരുടെ ക്ഷാമബത്ത ഇനത്തിലുള്ള കുടിശ്ശിക തുക പ്രോവിഡന്റ് ഫണ്ടിലേക്ക് ലയിപ്പിക്കേണ്ടതിനാൽ 560 ലക്ഷം രൂപയും ചേർത്ത് 16.2481 കോടി രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്ന

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് താൽക്കാലികമായി പരിഗണനയിലില്ല.

**ശിപാർശ (ഖണ്ഡിക നം. 39)**

2202-03-102-77—<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്(നുവാൽസ്)</u>

സർക്കാർ തീരുമാനപ്രകാരം ഗവൺമെന്റ് ഗ്യാരന്റിയിൽ നുവാൽസ് വാങ്ങിയ ലോണിന്റെ പാർട്ട് റീപേയ്മെന്റിനുവേണ്ടി പദ്ധതിയിനത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് താൽക്കാലികമായി പരിഗണനയിലില്ല.

**ശിപാർശ (ഖണ്ഡിക നം. 40)**

2202-03-102-72—<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല</u>

ക്ലാസ് മുറികൾ, ലൈബ്രറി, ഓഡിറ്റോറിയം എന്നിവയുള്ളവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ക്യാമ്പസ് വികസിപ്പിക്കുന്നതിനും പദ്ധതിയിനത്തിൽ 80 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള കുടിശ്ശിക, കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും വാടക, ഇന്ധനം, യാത്രാബത്ത, മീറ്റിംഗ് ചെലവ്, വൈദ്യുതി, ടെലഫോൺ, വൈസ്ചാൻസലർക്ക് പുതിയ വാഹനം വാങ്ങുന്നതിന്, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 9.31 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുകയും സ.ഉ. (സാധാ) നം. 1428/2021/ഉ.വി.വ. തീയതി 25-10-2021 പ്രകാരം 3,45,00,000 (മൂന്ന് കോടി നാല്പത്തിയഞ്ച് ലക്ഷം) രൂപയും, സ.ഉ. (സാധാ) നം. 240/2022/ഉ.വി.വ. തീയതി 10-2-2022, സ.ഉ.(സാധാ) നം. 470/2022/ഉ.വി.വ. തീയതി 25-3-2022-ലെ ഉത്തരവുകൾ പ്രകാരം 75 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 49)**

2202-03-103-57—<u>രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60% സി.എസ്.എസ്)</u>

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്രവിഹിതമായ 156 കോടി രൂപ ലഭിക്കാനുണ്ട്. സംസ്ഥാന വിഹിതമായ 115.67 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേന്ദ്ര മന്ത്രാലയങ്ങൾ പുറപ്പെടുവിക്കുന്ന ഭരണാനുമതി, ലഭ്യമാകുന്ന കേന്ദ്ര വിഹിതം എന്നിവയ്ക്ക് അനുസൃതമായി അർഹമായ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്നതാണ്. ഇതിനകം കേന്ദ്രവിഹിതം സംസ്ഥാന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട സ്കീമുകളിൽ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്നതാണ്.

[സർക്കാർ കത്ത് നം. ബി1/237/2021/ഉ.വി.വ., തീയതി 3-6-2022]

**ശിപാർശ (ഖണ്ഡിക നം. 51)**

2202-03-105-97—അധിക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്.എ.പി)

ഏഴ് സ്കിൽ പാർക്കുകളുടെ നിർമ്മാണം, പരിപാലനം, അസാപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 83.314 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 25 കോടി രൂപ കൂടാതെ 31-5-2021-ലെ സ.ഉ.(സാധാ) നം. 712/2021/ഉ.വി.വ. പ്രകാരം അഡീഷണൽ ആതറൈസേഷൻ ആയി 28 കോടി രൂപയും പ്രസ്തുത സാമ്പത്തിക വർഷത്തിലെ ബാക്കി കാലയളവിലേക്ക് 10-2-2022-ലെ സ.ഉ.(സാധാ) നം. 246/2022/ഉ.വി.വ. ഉത്തരവ് പ്രകാരം 15 കോടി രൂപയും ഉൾപ്പെടെ ആകെ 68 കോടി രൂപ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി അസാപ്പിന് 2021-22 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നം. സി4/136/2022/HEDN തീയതി 9-6-2022]

**ശിപാർശ (ഖണ്ഡിക നം. 54)**

2203-00-102-99—കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനും പദ്ധതിയിനത്തിൽ 1 കോടി രൂപയും പ്രവേശനപരീക്ഷാ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയ ഇനങ്ങളിലെ ഗണ്യമായ വർദ്ധനവും

ആഭ്യന്തര വരുമാനത്തിലെ കുറവും, യു.ജി.സി. പേ റിവിഷന്റെ ബാദ്ധ്യതയും, പെൻഷനേഴ്സിന്റെയും നിലവിലുള്ള ജീവനക്കാരുടെയും ഡി.എ. റിവിഷൻ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക അനദ്ധ്യാപക ഒഴിവുകൾ നികത്തുന്നതും കണക്കിലെടുത്ത് പദ്ധതിയേതരയിനത്തിൽ 65 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് താൽക്കാലികമായി പരിഗണനയിലില്ല.

[സർക്കാർ കത്ത് നം. ബി1/237/2021/ഉ.വി.വ., തീയതി 3-6-2022]

**ശിപാർശ (ഖണ്ഡിക നം.55 )**

2203-00-102-97—<u>കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ.എ.പി.ജെ.അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും, യൂണിവേഴ്സിറ്റി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 412 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാന മന്ദിരവും ക്യാമ്പസും നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പിനായി 184,51,42,781 രൂപ സർവ്വകലാശാലയുടെ തനത് ഫണ്ടിൽ നിന്നും റവന്യൂ വകുപ്പിലേക്ക് അടച്ചിട്ടുണ്ട്.

2020-21 വർഷത്തെ ബഡ്ജറ്റിൽ മൂലധന ആസ്തികളുടെ സമാഹരണത്തിന് 6 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകുകയും പ്രസ്തുത തുക ഇ-ലെഡ്ജറിൽ പോസ്റ്റ് ചെയ്ത് 2021-22 സാമ്പത്തിക വർഷം റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം.56)**

സഹായധനം-ശമ്പളം എന്ന ഉപശീർഷകം 31-ൽ ശമ്പളച്ചെലവുകൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ പ്രസ്തുത ശീർഷകത്തിൽ 11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷം പദ്ധതിയേതര ശമ്പള ശീർഷകത്തിൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം.57)**

36—<u>സഹായധനം - ശമ്പളേതരം</u>

ഭരണവിഭാഗത്തിലെ ആവർത്തന ചെലവുകൾക്കായി 9.35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതിയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ശമ്പളേതരം ശീർഷകത്തിൽ 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നം. J3/223/2021/HEDN, തീയതി 19-5-2022)

**ശിപാർശ (ഖണ്ഡിക നം. 68)**

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31—<u>സഹായധനം- ശമ്പളം</u>

(i) ശമ്പളം, പെൻഷൻ, ക്ഷാമബത്ത, ശമ്പള/പെൻഷൻ പരിഷ്കരണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 3.3364 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—<u>സഹായധനം - ശമ്പളേതരം</u>

(ii) കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് പദ്ധതിയിനത്തിൽ 65 ലക്ഷം രൂപയും, ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ്, കെട്ടിട ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 9 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2021-22 സാമ്പത്തിക വർഷം പദ്ധതിയിനത്തിലും, പദ്ധതിയേതരയിനത്തിലും വകയിരുത്തിയിരുന്ന തുകയുടെ അൻപത് ശതമാനവും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലും ചെലവഴിച്ചിട്ടില്ലാത്തതിനാൽ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2021-22-ന്റെ ധനാഭ്യർത്ഥനകളുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 68-ൽ ശിപാർശ ചെയ്ത പ്രകാരം തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. A2/236/2021/HEDN, തീയതി 12-5-2022)

പൊതുമരാമത്ത് വകുപ്പ്

**ശിപാർശ (ഖണ്ഡിക നം. 69)**

4202-02-104-99—<u>പോളിടെക്നിക്കുകൾ - കെട്ടിടങ്ങൾ</u>

അക്രെഡിറ്റേഷന്റെ ഭാഗമായുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 7.70 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22-ലെ ചെലവ് 29.75 കോടി രൂപയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം.70)**

4202-02-105-81—<u>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും വികസനം</u>

മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം മുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 8 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22-ലെ ചെലവ് 2.83 കോടി രൂപയാണ്. ആകെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിലായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നം. 71)**

4202-03-800-91—<u>എൻ.സി.സി. കെട്ടിട നിർമ്മാണം</u>

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തിരുവനന്തപുരം ഹെഡ് ക്വാർട്ടേഴ്സിന്റെ സ്ഥിര പരിശീലന കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം നിർമ്മിക്കുന്നതിനും, ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ വെളിയനാട് വില്ലേജിൽ 5 കേരള നേവൽ യൂണിറ്റിനും 300 കേഡറ്റുകൾക്കും താമസിച്ച് ജലത്തിലെ മാത്രം പരിശീലനം നൽകുന്ന നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ്, നേവൽ ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22-ലെ ചെലവ് 7.72 കോടി രൂപയാണ്. സമിതി ശിപാർശ ചെയ്ത അധിക തുക അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഇ 3/467/2021/പൊ.മ.വ., തീയതി 24-6-2022)

കായിക യുവജനകാര്യ വകുപ്പ്

**ശിപാർശ (ഖണ്ഡിക നം.74)**

2204-00 -103-68—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ

31—സഹായധനം - ശമ്പളം

ജീവനക്കാരുടെ പുതുക്കിയ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, അംഗങ്ങളുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷം 2204-00-103-68-31 ശമ്പളം (പദ്ധതിയേതരം) ശീർഷകത്തിൽ 22-12-2021-ലെ ജി. ഒ. (ആർ.റ്റി) 8349/2021/ഫിൻ പ്രകാരം അധിക തുകയായി 24,00,000 (ഇരുപത്തിനാല് ലക്ഷം രൂപ മാത്രം) രൂപ കമ്മീഷന് അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം.75)**

2204-00 -103-68 -36—സഹായധനം - ശമ്പളേതരം

(i) പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പ് അദാലത്തുകൾ, ഗ്രീൻസോൺ പദ്ധതി, പാർശ്വവത്കൃത യുവജനങ്ങളുടെ ആരോഗ്യപരിപാലനം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 16 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ii) കമ്മീഷൻ ചെയർപേഴ്സൺ/സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങൾ നിരന്തരം അറ്റകുറ്റപ്പണികൾക്ക് വിധേയമാകുന്നതിനാലും പകരം പുതിയ വാഹനം വാങ്ങുന്നതിനും/ഹയർ ചെയ്യുന്നതിനും കമ്പ്യൂട്ടർ പ്രിന്റർ, ലാപ് ടോപ്പുകൾ ഇവ വാങ്ങുന്നതിനും ഓഫീസിലെ ഉപയോഗശൂന്യമായ എ.സികൾ മാറ്റുന്നതിനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

(i) പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി 2204-00-103-68-36 (പദ്ധതി) ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം വകയിരുത്തിയ 84,00,000 (എൺപത്തിനാല് ലക്ഷം രൂപ മാത്രം) രൂപയിൽ 75,42,000 (എഴുപത്തിയഞ്ച് ലക്ഷത്തിനാല്പത്തിരണ്ടായിരം രൂപ മാത്രം) രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ടി തുക യുവജന കമ്മീഷന് നൽകുകയും ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം അധികം തുക ആവശ്യമായി വരാതിരുന്ന സാഹചര്യത്തിൽ ആയത് അനുവദിച്ചിട്ടില്ല.

(ii) 2204-00-103-68-36 (പദ്ധതിയേതരം) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 11,38,000 രൂപ നാല് ഗഡുക്കളായി യുവജന കമ്മീഷന് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ടി തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വരാതിരുന്നതിനാൽ ആയത് അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. ബി2/160/2021/എസ്.വൈ.എ, തീയതി 23-5-2022)

**ശിപാർശ (ഖണ്ഡിക നം.76)**

2204-00 -103-98 -31—യൂത്ത് വെൽഫെയർ ബോർഡ് -സഹായധനം - ശമ്പളം

സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, യാത്രാബത്ത എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാന യുവജനക്ഷേമ ബോർഡിലെ സ്ഥിരം/ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും പുതുതായി സ്ഥിരപ്പെടുത്തിയ 16 ജീവനക്കാരുടെയും വേതനം, കുടിശ്ശിക വേതനം, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി ഒരു കോടി രൂപ അനുവദിക്കണമെന്ന ബോർഡ് മെമ്പർ സെക്രട്ടറിയുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 23-10-2021-ലെ സ.ഉ. (സാധാ) നമ്പർ 229/2021/കാ.യു.വ. പ്രകാരം 34 ലക്ഷം രൂപ അധികധനാനുമതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം.77)**

കേരള സംസ്ഥാന യൂത്ത് വെൽഫെയർ ബോർഡിലെ അംഗങ്ങൾക്ക് സിറ്റിംഗ് അലവൻസിന് പുറമേ ഓണറേറിയം കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബോർഡ് അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ്, യാത്രാബത്ത എന്നിവയ്ക്ക് പുറമേ പ്രതിമാസം 15,000 രൂപ ഓണറേറിയം അനുവദിക്കുന്നതിന് ബോർഡ് മെമ്പർ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സർക്കാർ കത്ത് നം. B1/173/2021/എസ്.വൈ.എ., തീയതി 11-5-2022)

<u>അദ്ധ്യായം II</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ഖണ്ഡികകൾ.

| **വകുപ്പ്** | **ഖണ്ഡിക നമ്പർ** |
|---|---|
| പൊതുവിദ്യാഭ്യാസം | 1 - 32 |
| ഉന്നതവിദ്യാഭ്യാസം | 41-48, 50, 52, 53, 58-67 |
| സാംസ്കാരികകാര്യം | 85 -140 |
| കായിക യുവജനകാര്യം | 72,73,78-84 |

വി. ശിവൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2022 ജൂലൈ 7.